ARTICLE IN THE "EXPRESS DATED 21ST SEPTEMBER 1948 UNDER THE CAPTION "ഉപ്പിലിട്ട അരി"

231. (2) Mr. C. V. Iyyu *(Kunnamkulam):* Will Government be pleased to state.—

(*a*) whether they have perused the article by "Express Gestapo" on page 3 of the "Express" (Trichur) under the caption "ഉപ്പിലിട്ട അരി" on page 3 in the issue, dated 21st September 1948;

(*b*) if so, what action they have taken against the officers or contractors who are responsible for this mischief?

Mr. E. Ekkanda Warriar (*Prime Minister*):

(*a*) Yes.

(*b*) No mischief was done for which the officers or contractors could be held responsible. Hence no action was taken against them.

BULL-DOZER IN THE FOREST DEPARTMENT—PURCHASE OF

232. (342) മിസ്റ്റർ പി. കെ. ഡീവർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ടു സഭയം മറുപടി പറയുമോ.—

(എ) ഫാറസ്റ്റ് ഡിപ്പാർട്ട്മെന്റിൽനിന്നു ഒരു ബുൾഡോസർ വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണു; എത്രവീലക്കാണു;

(ബി) ഗവൺമെണ്ടനുവാദത്തോടുകൂടിയാണോ ഇതു വാങ്ങിയതു;

(സി) ഈ ബുൾഡോസർ ഇപ്പോൾ വക്കിങ്ങു ആർഡറിലാണോ;

(ഡി) ഈ വിഷയത്തെ സംബന്ധിച്ചു ഈയിടെ തൃശ്ശിവപേരൂരിൽനിന്നു പുറപ്പെടുന്ന എക്സ്പ്രസ്സ് പത്രത്തിലുണ്ടായിരുന്ന ലേഖനം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതിൽ പറയുന്ന ആക്ഷേപങ്ങളെപ്പറ്റി എന്താണു ഗവൺമെണ്ടിനു പറയുവാനുള്ളതു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഒരു ബുൾഡോസർ വാങ്ങിയിട്ടുണ്ടു. ൻ—വ—ൺർവ്വ·ൽ. ൪൦,൦൦൦ ക.

(ബി) അതെ.

(സി) അതെ.

(ഡി) പത്രത്തിന്റെ തിയ്യതി പറഞ്ഞിട്ടില്ലാത്തതിനാൽ ഉത്തരം പറയുവാൻ നിവൃത്തിയില്ല.

(ഇ) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ഏതു ഉദ്ദേശത്തിനു വേണ്ടിയാണു ഈ ബുൾഡോസർ വാങ്ങിയതു. ആ ഉദ്ദേശത്തിനു ഇതു പറ്റുമോ എന്നു പരിശോധിച്ചതിനു ശേഷമാണോ വാങ്ങിയതു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ബുൾഡോസർ പരിശോധിച്ചിട്ടല്ല വാങ്ങിയതു. പക്ഷെ വാങ്ങിയതിനു ശേഷം പരിശോധിക്കുവാൻ പ്രാപ്തിയുള്ള ഒരു ഉദ്യോഗസ്ഥനെക്കൊണ്ടു പരിശോധിപ്പിച്ചിട്ടുണ്ടു.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: അതിന്റെ വില മുഴുവൻ കൊടുത്തിട്ടാണോ വാങ്ങിയതു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വാങ്ങുമ്പോഴും മുഴുവൻ സംഖ്യ കൊടുത്തിട്ടില്ല, ഇപ്പോഴും കൊടുത്തിട്ടില്ല.

മിസ്റ്റർ പി. കെ. ഡീവർ: ആദ്യം സംഖ്യ കൊടുത്തപ്പോൾതന്നെ അതു വാങ്ങിയ ഉദ്യോഗസ്ഥന്റെ ഉത്തരവാദിത്വത്തിന്മേൽ മാത്രമാണോ കൊടുത്തിട്ടുള്ളതു അതോ ഗവൺമെണ്ടിന്റെ അനുവാദപ്രകാരമാണോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇതിനെ സംബന്ധിച്ചുള്ള റിക്കാർഡുകൾകൊണ്ട് കാണുന്നത് ആ ഉദ്യോഗസ്ഥന്റെ ഉത്തരവാദത്തിന്മേലാണ് സംഖ്യ കൊടുത്തിട്ടുള്ളത് എന്നാണ്.

മിസ്റ്റർ പി. കെ. ഡീവർ: വാങ്ങുന്നതിനുള്ള അനുവാദം പൂർണ്ണമായി കിട്ടിയതിനു ശേഷമാണോ, ആ ഉദ്യോഗസ്ഥൻ ഇത് വാങ്ങിയത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആ ഡിപ്പാർട്ട്മെണ്ടിന്റെ ചാർജ്ജ് വഹിക്കുന്ന മന്ത്രിയുടെ അനുവാദത്തോടുകൂടിയാണ് ഇത് വാങ്ങിയത്.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ഇത് വാങ്ങാൻ പോയ ഉദ്യോഗസ്ഥൻ വിമാനം വഴിയ്ക്കോ തീവണ്ടിവഴിയ്ക്കോ പോയത്?

ഉത്തരമില്ല.

മിസ്റ്റർ ടി. പി. സീതാരാമൻ: ബുൾഡോസർ എന്നു പറഞ്ഞാൽ എന്താണ്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കാട്ടിൽനിന്ന് മരം മുറിച്ചു ലോറിയിലും മറ്റും കയറ്റുവാനുള്ള ഒരു യന്ത്രമാണ് എന്നാണ് തോന്നുന്നത്.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ആ യന്ത്രം ഇപ്പോൾ പ്രവർത്തിയ്ക്കുന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അറിവില്ല.

മിസ്റ്റർ സി. സി. പ്രസാദ്: ഇത് ഉപയോഗശൂന്യമാണെന്നു അറിഞ്ഞുകൊണ്ടുതന്നെയാണോ വാങ്ങിയത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു വാങ്ങിച്ചതിനു ശേഷം, പ്രാപ്തിയുള്ള ഒരു ഉദ്യോഗസ്ഥനെക്കൊണ്ടു അന്വേഷണം നടത്തിച്ചു. അപ്പോൾ അതു വളരെ ഉപയോഗപ്രദമായ ഒരു യന്ത്രമാണ് എന്നാണ് അദ്ദേഹം റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ഇത് അടിയന്തിരാവശ്യമുള്ള ഒന്നല്ലായെന്നും ഈ യന്ത്രം എടുക്കുന്ന കാലത്തു് കൺസർവേറ്റർ ഗവൺമെണ്ടിനെ അറിയിച്ചിട്ടുണ്ടായിരുന്നില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസു് വേണം.

ATTEMPTING EVICTION OF DEPRESSED CLASS PEOPLE FROM PORAMBOKE LANDS BY VILLAGE OFFICERS

233. (349) മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) കൊരട്ടി, കിഴക്കുംമുറി, മുരിങ്ങൂർ തെക്കുംമുറി എന്നീ വില്ലേജുകളിലെ പുറമ്പോക്കു സ്ഥലങ്ങളിൽ പതിനഞ്ചും ഇരുപതും കൊല്ലങ്ങളായി പുരവെച്ചു പാർത്തുവരുന്ന ഹരിജനങ്ങൾ-ൽപരം സാധുകുടുംബങ്ങളെ വില്ലേജുദ്യോഗസ്ഥന്മാർ കുടിയൊഴിപ്പിക്കുന്നതിനു ശ്രമിച്ചുവരുന്ന എന്ന ആവലാതി ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഗവൺമെണ്ടിന്റെ കല്പന അനുസരിച്ചാണോ അങ്ങിനെ ചെയ്തത്?

മിസ്റ്റർ കെ. അയ്യപ്പൻ:

(എ) പുറമ്പോക്കു സ്ഥലത്തു കയ്യേറി കുറെക്കാലമായി പുരവെച്ചു പാർത്തുവരുന്ന ഏതാനും പേരുടെ ആവലാതി കിട്ടിയിട്ടുണ്ടു്.

(ബി) ഗവൺമെണ്ടു നിബന്ധനകൾ അനുസരിച്ചാണു്.

മിസ്റ്റർ കെ. കെ. കണ്ണൻ: പത്തിരുപതു കൊല്ലംമുമ്പു് ഇവർ കുടിയേറി താമസിക്കുന്ന കാലത്തു ഇങ്ങിനെയുള്ള ഗവൺമെണ്ടുനിബന്ധന ഉണ്ടായിരുന്നില്ലേ?

മിസ്റ്റർ കെ. അയ്യപ്പൻ: ഈ എംക്രോച്ചുമെന്റിൽ (Encroachment) കഴിയുന്നതും സാധുക്കളെ—പ്രത്യേകിച്ചും അധഃകൃതരെ—സംബന്ധിച്ചിടത്തോളം അനുകൂലമായ ഒരു മയെടുക്കണമെന്നു പറഞ്ഞിട്ടുണ്ടു്. ഗവൺമെണ്ടിന്റെ ഇപ്പോഴത്തെ നിലയിതാണു്.

LIBRARY ARCHIVES Kerala Legislative Assembly